"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - കോട്ടയം ജില്ലയിലെ - RP 2022-23 Resurfacing with MSS to Chengalam Thiruvarppu UP school Road 0/000 to 2/000 km Excluding reconstruction of Thumbekalam bridge in Ettumanoor LAC - എന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(കൈ) നം.23/2026/PWD തീയതി,തിരുവനന്തപുരം, 08-03-2026

---

പരാമർശം:-
1. 06.02.2017 -ലെ സഉ(പി) നം. 16/2017/ധന
2. G.O.(Rt) No.1135/2025/PWD Dated, 30-07-2025
3. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 22.11.2025,13/02/2026 തീയതികളിലെ CEPWD/21156/2024-C4(W)-RD നം. കത്തുകൾ

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിൽ "RP 2022-23 Resurfacing with MSS to Chengalam Thiruvarppu UP school Road 0/000 to 2/000 km Excluding reconstruction of Thumbekalam bridge in Ettumanoor LAC" എന്ന പ്രവർത്തിക്കായി മേൽ പരാമർശം 2-ലെ ഉത്തരവ്പ്രകാരം 193.64 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയും ടെക്നിക്കൽ സാങ്ഷനും നൽകിയിരുന്നു. ഈ പ്രവർത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസിൽ നിന്നും 4 തവണ ടെൻഡർ ചെയ്തിരുന്നു. ഒന്നും മൂന്നും ടെൻഡറുകളിൽ ആരും പങ്കെടുത്തിരുന്നില്ല. രണ്ടാം ടെൻഡറിൽ ലഭിച്ച ബിഡ് ക്വോട്ടെഡ് റേറ്റിനെക്കാൾ 19.65% കൂടുതലായിരുന്നതിനാലും ബിഡ്ഡർ തുക കുറയ്ക്കുന്നതിന് വിസമ്മതിച്ചതിനാലും നിരസിച്ചിരുന്നു. നാലാം ടെൻഡറിൽ രണ്ട് ബിഡ്ഡുകൾ ലഭിച്ചു. എന്നാൽ ഏറ്റവും കുറഞ്ഞ ക്വോട്ടഡ് തുക അനുവദനീയമായ പരിധിയേക്കാൾ കൂടുതലായിരുന്നു. പ്രസ്തുത ബിഡ് സമർപ്പിച്ച Sri.Binoy Joseph ചർച്ചകൾക്കൊടുവിൽ ക്വോട്ട് ചെയ്ത തുക Rs 1,97,05,174/- (21.58 % above EPAC) ആയി കുറച്ചു. മേൽ തുക പരാമർശം 1-ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്ന മാനദണ്ഡത്തേക്കാൾ അധികമാണ് എന്നതിനാൽ, നിലവിൽ കരാറുകാരൻ ക്വോട്ട് ചെയ്തിരിക്കുന്ന തുകയായ Rs 1,97,05,174/- രൂപ എന്നത് സർക്കാർ തലത്തിൽ പരിഗണിച്ച് അനുമതി നൽകണമെന്ന് ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3 പ്രകാരം

ആവശ്യപ്പെട്ടിരുന്നു.

2. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എൻജിനീയർ കോൺട്രാക്ടറുമായി ചർച്ച നടത്തിയെങ്കിലും വീണ്ടും തുക കുറയ്ക്കാൻ കോൺട്രാക്ടർ തയ്യാറായില്ല എന്നുമാത്രമല്ല ഈ വിവരം അറിയിച്ചുകൊണ്ട് രേഖാമൂലം കത്ത് നൽകുകയും ചെയ്തു. ഇത് കൂടാതെ റീടെൻഡർ ചെയ്താലും മെച്ചപ്പെട്ട പ്രതികരണങ്ങൾ ലഭിക്കുകയില്ല എന്നും പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2025-ൽ ഭരണാനുമതി നൽകിയ പ്രവർത്തി, നാല് തവണ ടെൻഡർ ചെയ്തിരുന്നു. ഒന്നും മൂന്നും ടെൻഡറുകളിൽ ആരും പങ്കെടുത്തിരുന്നില്ല നാലാം ടെൻഡറിൽ ലഭിച്ച രണ്ട് ബിഡ്ഡുകളിൽ ഏറ്റവും കുറഞ്ഞ ക്വോട്ടഡ് തുക 21.58 % ശതമാനം ഉയർന്ന നിരക്കാണ് ക്വോട്ട് ചെയ്തത്. ഈ സാഹചര്യത്തിൽ,കോട്ടയം ജില്ലയിലെ "RP 2022-23 Resurfacing with MSS to Chengalam Thiruvarppu UP school Road 0/000 to 2/000 km Excluding reconstruction of Thumbekalam bridge in Ettumanoor LAC" എന്ന പ്രവൃത്തിയ്ക്കായി Sri.Binoy Joseph ക്വോട്ട് ചെയ്ത തുകയായ Rs 1,97,05,174/- രൂപ (ഒരു കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി അയ്യായിരത്തി ഒരുനൂറ്റി എഴുപത്തിനാല് രൂപ മാത്രം) എസ്റ്റിമേറ്റ് തുകയേക്കാൾ 21.58% കൂടുതലും DSoR(2021)+10% ക്കാൾ 10.53% കൂടുതലും ആയതിനാൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് നിലവിലുള്ള മാനദണ്ഡമായ "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്"എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), ദക്ഷിണ മേഖല,
പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, കോട്ടയം,
ധനകാര്യ വകുപ്പ് (No. INPWC1/144/2025-FIN (E 3366357) ) dt.28/01/2026)
പൊതുഭരണ (എസ്.സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ / വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
Date: 09-03-2026 11:10:35

സെക്ഷൻ ഓഫീസർ

പകർപ്പ്:1.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3.പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 05-03-2026

ഫയൽ നം. പൊ.മ.വ.-ജി1/629/2025/പൊ.മ.വ. ഇനം നം: 3818

വിഷയം : പൊതുമരാമത്ത് വകുപ്പ് - "RP 2022-23 Resurfacing with MSS to Chengalam Thiruvarppu UP School Road 0/000 to 2/000 km Excluding reconstruction of Thumbekalam bride in Ettumanoor LAC" - എന്നതിൽ ടെണ്ടർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

**GOVERNMENT OF KERALA**

**(SHRI.PINARAYI VIJAYAN MINISTRY)**

**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File No. | : | PWD-G1/629/2025-PWD |
| 2. | Department | : | Public Works (G) Department. |
| 3. | Subject | : | "RP 2022 – 23 Resurfacing with MSS to Chengalam Thiruvarppu UP School Road 0/000 to 2/000 km Excluding reconstruction of Thumbekalam bridge in Ettumanoor LAC"- Reg. |
| 4. | Date of Chief Minister's order for placing before the Council | : | 20/02/2026 |
| 5 | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative,whether Finance Department has been consulted and their remarks incorporated in the Council Note | : | Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Sri. Sumesh Kumar C |
| 8. | Name of Secretary who approved the Draft Note | : | Sri.K.Biju |
| 9. | Date of approval of the Draft Note for the Council by the Secretary | : | ~~23-02-2026~~ |
| 10. | Name of Chief Secretary who approved the Draft Note | : | Dr. A. Jayathilak |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | |
| 12. | Name of Minister who approved the Draft Note | : | Sri.P.A. Mohamed Riyas |
| 13. | Date of approval of the Draft Note for the Council by the Minister | : | |
| 14 | Date of Submission of fair copies | : | |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O/letter communicating the decision | : | |

Draft **NOTE FOR COUNCIL OF MINISTERS**

This note relates to the request of the Chief Engineer, Roads, Public Works Department for acceptance of tender submitted by Sri.Binoy Joseph for the work "RP 2022-23 Resurfacing with MSS to Chengalam Thiruvarppu UP school Road 0/000 to 2/000 km Excluding reconstruction of Thumbekalam bridge in Ettumanoor LAC" in Kottayam District.

2. Vide G.O.(Rt)No.1135/2025/PWD Dated, 30-07-2025 Revised Administrative Sanction was accorded for the work "RP 2022-23 Resurfacing with MSS to Chengalam Thiruvarppu UP school Road 0/000 to 2/000 km Excluding reconstruction of Thumbekalam bridge in Ettumanoor LAC" for an amount of Rs.193.64 lakhs and Technical Sanction was issued. The work has been tendered 4 times from the office of the Superintending Engineer, PWD Roads South Circle Thiruvananthapuram. No bids were received on 1st and 3rd tender. Single bid received in the 2nd tender at above quoted rate of 19.65% & hence rejected as the bidder was not willing to reduce their high quoted rates. Now, on the 4th tender, two bids have been received. But the lowest quoted amount is more than the admissible limit. Details of the bidders are as follows. flag A

| No | Bidder | Estimate PAC | LMR PAC | Current SoR(2021)+ 10.00% | Qoted rate% | Quoted PAC |
|---|---|---|---|---|---|---|
| 1 | BINOY JOSEPH | 1,62,06,715 | 1,64,44,000.90 1.46% > EPAC | 1,78,27,386 10.00%> EPAC | 22.14 | 1,97,95,008.53 |
| 2 | TONEY AUGUSTINE | | | | 23.38 | 1,99,95,465.00 |

ie., Sri.Binoy Joseph is the lowest quoted bidder. On negotiation, the contractor was willing to reduce his quoted rate to Rs 1,97,05,174/- (21.58 % above EPAC).

3. As per G.O.(P) No. 16/2017/Fin. Dated 06/02/2017 regarding General Conditions in PWD works "the condition to allow maximum tender excess is at the quoted rate/LMR or DSR+ 10% whichever is less". Since the Quoted amount is higher than the above limit, the Chief Engineer has furnished the tender approval proposal to the Government.

4. The Chief Engineer had requested that the tender in favour of Sri.Binoy Joseph may be considered at their negotiated rate of Rs.1,97,05,174/- (21.58 % above EPAC). File was forwarded to FD for remarks and that Department remarked as follows:-

*"If the contractor is unwilling to reduce the rate and AD feels that further tendering may not yield a better response, AD may be advised to*

*submit the tender excess proposal of the work "GENERAL-RP 2023-24 Chengalam Thiruvarppu UP school Road-RP 2022-23 Resurfacing with MSS to Chengalam Thiruvarppu UP school Road 0/000 to 2/000 km Excluding reconstruction of Thumbekalam bridge in Ettumanoor LAC -Ettumanoor LAC", for a quoted PAC of ₹ 1,97,05,174/- which is 21.58% above estimate PAC of ₹ 1,62,06,715/- to the Council of Ministers for approval.*

*This has the approval of Hon. Min. (Finance)."*

5. Based on the above remarks the CE has reported that he had negotiated with the contractor for reduction of the quoted rates but the contractor has declined to reduce the rates further and has submitted a written reply. It was also informed that there is no chance for a better offer on re tendering of the work and was further informed that the estimate has been prepared based on DSoR 2021.

6. It may be noted that the Chief Engineer has reported that the contractor has declined to reduce the rates and there is no chance for a better offer on re tendering of the work. Hence, as opined by the Finance Department the request of the CE to consider the tender submitted by Sri.Binoy Joseph at the quoted amount was submitted for orders on placing before Cabinet.

7. Hon'ble Chief Minister has ordered to place the matter before the Council of Ministers.

<u>**Point for Decision**</u>

Whether the request of the Chief Engineer Roads for the acceptance of tender submitted by Sri.Binoy Joseph for the work "2022-23 RP 2022-23 Resurfacing with MSS to Chengalam Thiruvarppu UP school Road 0/000 to 2/000 km Excluding reconstruction of Thumbekalam bridge in Ettumanoor LAC -Ettumanoor LAC", for an amount of Rs.1,97,05,174/- (Rupees One Crore Ninety Seven Lakh Five Thousand One Hundred and Seventy Four only) which is 21.58% above the Estimate PAC and 10.53% above DsoR (2021)+10%, may be agreed to and the tender may be accepted in relaxation of the stipulations of "The condition to allow maximum tender excess is at the quoted rate/LMR or DSR+ 10% whichever is less prescribed by G.O.(P) No.16/2017/Fin dated 06/02/2017?

28/2/26

28/2/26

28/2/26

1/3/26

02-03-26

P.A. MOHAMED RIYAS
MINISTER FOR PUBLIC WORKS AND TOURISM
GOVT. OF KERALA

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## <u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | പൊ.മ.വ- ജി1/629/2025-പൊ.മ.വ. |
| 2 | വകുപ്പ് | : | പൊതുമരാമത്ത് (ജി) വകുപ്പ് |
| 3 | വിഷയം | : | "RP 2022 – 23 Resurfacing with MSS to Chengalam Thiruvarppu UP School Road 0/000 to 2/000 km Excluding reconstruction of Thumbekalam bridge in Ettumanoor LAC" - എന്നതിൽ ടെണ്ടർ അംഗീകരിക്കുന്നത്-സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20/02/2026 |
| 5 | i.ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സുമേഷ് കുമാർ സി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ബിജു. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | ~~23-02-2026~~ |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. A. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോട്ടയം ജില്ലയിൽ "RP 2022-23 Resurfacing with MSS to Chengalam Thiruvarppu UP school Road 0/000 to 2/000 km Excluding reconstruction of Thumbekalam bridge in Ettumanoor LAC" എന്ന പ്രവർത്തിയുമായി ബന്ധപ്പെട്ട് Sri.Binoy Joseph സമർപ്പിച്ച ടെൻഡർ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എൻജിനീയർ സമർപ്പിച്ച അപേക്ഷയാണ് ഈ കുറിപ്പിലെ വിഷയം.

2. കോട്ടയം ജില്ലയിൽ "RP 2022-23 Resurfacing with MSS to Chengalam Thiruvarppu UP school Road 0/000 to 2/000 km Excluding reconstruction of Thumbekalam bridge in Ettumanoor LAC" എന്ന പ്രവർത്തിക്കായി G.O.(Rt)No.1135/2025/PWD Dated, 30-07-2025 പ്രകാരം 193.64 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയും ടെക്നിക്കൽ സാങ്ഷനും നൽകിയിരുന്നു. ഈ പ്രവർത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസിൽ നിന്നും 4 തവണ ടെൻഡർ ചെയ്തിരുന്നു. ഒന്നും മൂന്നും ടെൻഡറുകളിൽ ആരും പങ്കെടുത്തിരുന്നില്ല. രണ്ടാം ടെൻഡറിൽ ലഭിച്ച ബിഡ് ക്വോട്ടെഡ് റേറ്റിനെക്കാൾ 19.65% കൂടുതലായിരുന്നതിനാലും ബിഡ്ഡർ തുക കുറയ്ക്കുന്നതിന് വിസമ്മതിച്ചതിനാലും നിരസിച്ചിരുന്നു. നാലാം ടെൻഡറിൽ രണ്ട് ബിഡ്ഡുകൾ ലഭിച്ചു. എന്നാൽ ഏറ്റവും കുറഞ്ഞ ക്വോട്ടഡ് തുക അനുവദനീയമായ പരിധിയേക്കാൾ കൂടുതലാണ്. ക്വോട്ട് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| No | Bidder | Estimate PAC | LMR PAC | Current SoR(2021)+10.00% | Qoted rate% | Quoted PAC |
|---|---|---|---|---|---|---|
| 1 | BINOY JOSEPH | 1,62,06,715 | 1,64,44,000.90 1.46% > EPAC | 1,78,27,386 10.00%> EPAC | 22.14 | 1,97,95,008.53 |

| | | | | | | |
|---|---|---|---|---|---|---|
| 2 | TONEY AUGUSTINE | | | | 23.38 | 1,99,95,465.00 |

ശ്രീ Sri.Binoy Joseph ആണ് ഏറ്റവും കുറഞ്ഞ തുക ബിഡ് ചെയ്തിരിക്കുന്നത്. കൂടിയാലോചനയിലൂടെ കോൺട്രാക്ടർ ക്വോട്ട് ചെയ്ത തുക Rs 1,97,05,174/- (21.58 % above EPAC) ആയി കുറച്ചു.

3. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പൊതുനിർദ്ദേശങ്ങളടങ്ങിയ 06/02/2017 ലെ സ.ഉ (പി)16/2017/ധന പ്രകാരം "ടെണ്ടറിൽ ലഭിച്ച നിരക്ക് /പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നതാണ്. ഇവിടെ ക്വോട്ട് ചെയ്ത തുക പ്രസ്തുത പരിധിയിലധികമായതിനാൽ ടെണ്ടർ അംഗീകാരത്തിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് നൽകി.

4. ഈ ബിഡ്ഡുകളിൽ Sri.Binoy Joseph ന്റെ Quoted PAC Rs 1,97,05,174/- (21.58 % above EPAC) രൂപയുടെ ബിഡിന് അനുമതി നൽകുന്നത് പരിഗണിക്കാവുന്നതാണെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ റിമാർക്സിനായി നൽകിയപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കുന്നതിൻ പ്രകാരം അഭിപ്രായപ്പെട്ടു.

*"If the contractor is unwilling to reduce the rate and AD feels that further tendering may not yield a better response, AD may be advised to submit the tender excess proposal of the work "GENERAL-RP 2023-24 Chengalam Thiruvarppu UP school Road-RP 2022-23 Resurfacing with MSS to Chengalam Thiruvarppu UP school Road 0/000 to 2/000 km Excluding reconstruction of*

*Thumbekalam bridge in Ettumanoor LAC -Ettumanoor LAC", for a quoted PAC of ₹ 1,97,05,174/- which is 21.58% above estimate PAC of ₹ 1,62,06,715/- to the Council of Ministers for approval.*

*This has the approval of Hon. Min. (Finance)"*

5. ഇതനുസരിച്ച് പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എൻജിനീയർ കോൺട്രാക്ടറുമായി ചർച്ച നടത്തിയെങ്കിലും തുക കുറയ്ക്കാൻ കോൺട്രാക്ടർ തയ്യാറായില്ല എന്നുമാത്രമല്ല ഈ വിവരം അറിയിച്ചുകൊണ്ട് രേഖാമൂലം കത്ത് നൽകുകയും ചെയ്തു. ഇത് കൂടാതെ റീടെൻഡർ ചെയ്താലും മെച്ചപ്പെട്ട പ്രതികരണങ്ങൾ ലഭിക്കുകയില്ല എന്നും എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് DSoR 2021 അനുസരിച്ചാണെന്നും പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. അതിനാൽ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടത് പോലെ ടെണ്ടർ അംഗീകരിക്കുന്ന വിഷയത്തിൽ മന്ത്രിസഭയുടെ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള ഉത്തരവിനായി സമർപ്പിച്ചു .

6. ഈ വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കോട്ടയം ജില്ലയിൽ "RP 2022-23 Resurfacing with MSS to Chengalam Thiruvarppu UP school Road 0/000 to 2/000 km Excluding reconstruction of Thumbekalam bridge in Ettumanoor LAC" എന്ന പ്രവർത്തിയുമായി ബന്ധപ്പെട്ട് Sri.Binoy Joseph ക്വോട്ട് ചെയ്ത തുകയായ ₹ 1,97,05,174/- (ഒരു കോടി തൊണ്ണൂറ്റിഏഴ് ലക്ഷത്തി അയ്യായിരത്തി ഒരുന്നൂറ്റി എഴുപത്തി നാല് രൂപ മാത്രം) എസ്റ്റിമേറ്റ് തുകയേക്കാൾ 21.58 % കൂടുതലും DSoR(2021)+10% ക്കാൾ 10.53% കൂടുതലും ആയ സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ 06/02/2017 ലെ സ.ഉ(പി)16/2017/ധന ലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക്

/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കാമോ?

28/2/26

28/2/26

28/2/26

2/3/26

02-03-26

P.A. MOHAMED RIYAS
MINISTER FOR PUBLIC WORKS AND TOURISM
GOVT. OF KERALA